Malayala Manorama

August 12 2018

Idukki: Flood Hit, Cheruthoni, Rescue Activities

വീടും ഭൂമിയും നഷ്ടമായവർക്ക് 10 ലക്ഷം

- ദുരിതാശ്വാസ ക്യാംപുകളിൽ കഴിയുന്ന കുടുംബങ്ങൾക്ക് 3800 രൂപ വീതം
- മരിച്ചവരുടെ കുടുംബങ്ങൾക്ക് 4 ലക്ഷം

കൽപറ്റ ● മഴക്കെടുതിയിൽ വീടും ഭൂമിയും നഷ്ടപ്പെട്ടവർക്കു 10 ലക്ഷം രൂപയും മരിച്ചവരുടെ കുടുംബങ്ങൾക്കു നാലു ലക്ഷം രൂപയും നൽകുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ഭൂമി നഷ്ടപ്പെട്ടവർക്ക് ആറു ലക്ഷം രൂപയും വീട് പൂർണമായി തകർന്നവർക്കു നാലു ലക്ഷം രൂപയുമാകും നൽകുക. പ്രളയമേഖലകൾ സന്ദർശിച്ചശേഷം കൽപറ്റ കലക്ടറേറ്റിൽ ചേർന്ന അവലോകന യോഗത്തിലായിരുന്നു പ്രഖ്യാപനം.

മുഖ്യമന്ത്രി പിണറായി വിജയനും പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയും ഹെലികോപ്റ്ററിൽ പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിച്ചപ്പോൾ.

നേർക്കാഴ്ച

ഇതേസമയം, മഴക്കെടുതികളിൽ നാലുപേർ കൂടി മരിച്ചു. ഇതുവരെ 31 പേർ മരിച്ചതായാണ് ഔദ്യോഗിക കണക്കെങ്കിലും അനൗദ്യോഗിക വിവരങ്ങൾ പ്രകാരം ഇതു 33 ആണ്. ചങ്ങനാശേരി പായിപ്പാട് സമ്പദ്ധിയായ [illegible] നിൽക്കും. എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഇന്നുകൂടി റെഡ് അലർട്ടുണ്ട്; 14 വരെ ഓറഞ്ച് അലർട്ടും.

ഇന്ന് ആലപ്പുഴ, എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ [illegible] പ്പെട്ട സ്ഥലങ്ങളിൽ മഴയുണ്ടാകുമെന്നാണു മുന്നറിയിപ്പ്.

ഇടുക്കി ജില്ലയിലെ ദുരന്തനിവാരണ-ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനെത്തിയ മുഖ്യമന്ത്രി പിണറായി വിജയനും പ്രതിപക്ഷനേതാവ് രമേ [illegible]

പ്രളയത്തിനൊപ്പം ഭൂപ്രകമ്പനം; ആശങ്കയിൽ ജനം വീടൊഴിഞ്ഞു

മമ്പാട് (മലപ്പുറം) ● ഭൂമിയിൽ പ്രകമ്പനവും വീടുകൾക്കു വിള്ളലുമുണ്ടായതിനെത്തുടർന്നു മമ്പാട് കൊങ്ങല്ലൂർ പൂച്ചപ്പാറക്കുന്നിൽ ഭൂചലന ഭീതി. പ്രദേശത്തെ 73 കുടുംബങ്ങൾ വീടൊഴിഞ്ഞു. വെള്ളിയാഴ്ച രാത്രിയും ഇന്നലെ രാവിലെയുമായിരണ്ടു തവണയാണു പ്രകമ്പനമുണ്ടായത്. ഏഴു വീടുകൾക്കു വിള്ളലുണ്ടായി.

വെള്ളിയാഴ്ച രാത്രി കനത്ത മഴയ്ക്കിടെ വലിയ ശബ്ദമുണ്ടായെന്നും ഭൂമിയിൽ തരിപ്പുനുഭവപ്പെട്ടെന്നും പ്രദേശവാസികൾ പറഞ്ഞു. ചുമരുകളിൽ വിള്ളൽ കണ്ടതോടെ ഭൂരിഭാഗം കുടുംബങ്ങളും രാത്രി തന്നെ ബന്ധു വീടുകളിലേക്കു താമസം മാറ്റി. വെള്ളിയാഴ്ച രാത്രി ഇവിടെ മണ്ണിടിച്ചിലുമുണ്ടായി.

പ്രദേശത്തു ജിയോളജി വകുപ്പ് അധികൃതർ പരിശോധന നടത്തി. ഭൂചലനമല്ലെന്നും ശക്തമായ മഴയും കാറ്റും മൂലം ഭൂഗർഭജലത്തിൽ വ്യതിയാനമുണ്ടായി സംഭവിക്കുന്ന മണ്ണിടിച്ചിലാണെന്നും അധികൃതർ പറഞ്ഞു.

കുഞ്ഞുമായി കുതിച്ചത് കനയ്യ

ദുരന്തനിവാരണ സേനാ ഉദ്യോഗസ്ഥൻ കനയ്യകുമാർ

തൊടുപുഴ ● ഇന്നലെ മലയാള മനോരമയുടെ ഒന്നാം പേജിൽ പ്രസിദ്ധീകരിച്ച ചെറുതോണിയിൽനിന്നുള്ള ആ ചിത്രത്തിൽ കുഞ്ഞിനെ നെഞ്ചോടുചേർത്തു പിടിച്ച് ഓടുന്നത് ബിഹാർ സ്വദേശിയായ കനയ്യകുമാർ; ദുരന്തനിവാരണ സേനാംഗം.

വാഴത്തോപ്പ് കാരയ്ക്കാട്ട് പുത്തൻപുര വീട്ടിലെ വിജയരാജ് - മഞ്ജു ദമ്പതികളുടെ മൂന്നു വയസ്സുകാരൻ മകൻ സുരജാണ് കനയ്യയുടെ കയ്യിലുള്ളത്. കടുത്ത പനി ബാധിച്ച കുഞ്ഞിനെ ആശുപത്രിയിലെത്തിക്കാനായിരുന്നു കനയ്യകുമാറിന്റെ ആ ഓട്ടം. ചെറുതോണി ഡാമിന്റെ അഞ്ചാം ഷട്ടർ തുറക്കുന്നതിനു നിമിഷങ്ങൾ മുൻപാണ് കുട്ടിയെക്കുറിച്ച് അറിയിപ്പു കിട്ടുന്നത്. ഇക്കരെ കൊണ്ടുവന്നാലേ ആശുപത്രിയിലെത്തിക്കാൻ കഴിയൂ. കനയ്യ ദൗത്യം ഏറ്റെടുത്തു. കുതിച്ചുപാഞ്ഞ് മറുകരയിലെത്തി. വിജയരാജിന്റെ കയ്യിൽനിന്നു കുഞ്ഞിനെ ഏറ്റുവാങ്ങി തിരികെപാഞ്ഞു. അപ്പോൾ ജലം കുത്തിയൊഴുകിയെത്തുന്നത് ചിത്രത്തിൽ കാണാം.